## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ. 6138** **07/11/2016-ൽ മറുപടിയ്ക്ക്**

### ഹോർട്ടികോർപ്പ് വഴി പച്ചക്കറി വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴി കർഷകരിൽ നിന്നും വിപണി വിലയ്ക്ക് തുല്യമായ വില നൽകി സംഭരിച്ച് ന്യായമായ നിരക്കിൽ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | എ) സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ, കൃഷി ഭവനുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് ന്യായവില നൽകി പരമാവധി ഉല്പന്നങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ചു വരുന്നു. ഈ കഴിഞ്ഞ ഓണക്കാലത്ത് മാർക്കറ്റ് വിലയേക്കാൾ 10% വില കൂട്ടി നൽകിയാണ് കർഷകരിൽ നിന്നും പഴം പച്ചക്കറികൾ സംഭരിച്ചത്. ഇപ്രകാരം സംഭരിച്ച പച്ചക്കറി മാർക്കറ്റ് വിലയേക്കാൾ 30% കുറഞ്ഞ നിലക്കിലാണ് ഉപഭോക്താക്കൾക്ക് വിറ്റഴിച്ചത്. ഇതുമൂലം കർഷകർക്ക് ന്യായ വില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനും ഹോർട്ടികോർപ്പിന് സാധിച്ചു |
| ബി) സംസ്ഥാനത്തുട നീളം ഹോർട്ടികോർപ്പിന്റെ വിപണന ശാലകൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ? | ബി) വിപണനശാലകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംഭരണ വിതരണ കേന്ദ്രങ്ങൾ ഇല്ലാത്ത മലപ്പുറം, വയനാട്, കാസർകോഡ് എന്നീ ജില്ലകളിൽ അവ ആരംഭിക്കുന്നതിനും ഔട്ട് ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്ക- ന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള 149 വിപണന കേന്ദ്രങ്ങൾ വരുന്ന ഒരു വർഷത്തിനുള്ളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 500 എണ്ണമാക്കി വർദ്ധിപ്പിക്കുന്നതിനാണ് ഹോർട്ടികോർപ്പ് ലക്ഷ്യമിടുന്നത്. ഇതോടെ സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഹോർട്ടികോർപ്പിന്റെ വിപണനകേന്ദ്രങ്ങൾ ഉണ്ടാകും. |

സെക്ഷൻ ഓഫീസർ